പതിമൂന്നാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 2231 | 13.02.2013-ൽ മറുപടിയ്ക്ക്

## വൈദ്യുതി ബോർഡിന്റെ സാമ്പത്തിക പുന:സംഘടന

ചോദ്യം

ശ്രീ.സി.ദിവാകരൻ :

വൈദ്യുതി ബോർഡിന്റെ സാമ്പത്തിക പുന:സംഘടനയ്ക്കുള്ള എന്തെല്ലാം പദ്ധതികളാണ് കേന്ദ്ര ഊർജ്ജ മന്ത്രാലയത്തെ സംസ്ഥാന സർക്കാർ അറിയിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

ഉത്തരം

ശ്രീ. ആര്യാടൻ മുഹമ്മദ്

(ഊർജ്ജവും ഗതാഗതവും വകുപ്പു മന്ത്രി)

ഇൻഡ്യയിലെ വിവിധ സംസ്ഥാനങ്ങളുടെ ഉടമസ്ഥതയിലുള്ള വിതരണ സ്ഥാപന ങ്ങളുടെ (State Distribution Companies (DIS COMS)) മോശമായ പ്രവർത്തന നിലവാരവും സാമ്പത്തിക പരാധീനതയും ഗണ്യമായ തോതിലുള്ള ബാധ്യതകളും കണക്കിലെടു ത്തുകൊണ്ട് വിതരണ കമ്പനികൾ ക്കായി ഒരു സാമ്പത്തിക പുന:രുദ്ധാരണ പദ്ധതി (Financial Re-structuring Scheme) യ്ക്ക് കേന്ദ്ര സർക്കാരിന്റെ ഊർജ്ജ മന്ത്രാലയം രൂപം നൽകുകയുണ്ടായി.

സംസ്ഥാന വിതരണ കമ്പനികൾക്ക് ഈ സ്കീമിൽ ചേരുന്നതിന് 31-12-2012 വരെ മാത്രമേ അവസരമുണ്ടായിരുന്നുള്ളൂ.

ഇതിനകം തന്നെ വളരെ ഗുരുതരമായ സാമ്പത്തിക സ്ഥിതിയിലുള്ള സംസ്ഥാന വൈദ്യുതി ബോർഡിനെ സംബന്ധിച്ചിടത്തോളം കേന്ദ്ര സർക്കാർ പ്രഖ്യാപിച്ചിട്ടുള്ള സഹായങ്ങൾ വേണ്ടെന്നു വയ്ക്കാൻ കഴിയാത്ത സാഹചര്യ ത്തിൽ, മറ്റു പല സംസ്ഥാനങ്ങളും ചെയ്തിട്ടുള്ള തുപോലെ സ്കീമിൽ ചേരുന്നതിനുള്ള 'തത്വത്തി ലുള്ള' സമ്മതം 17-12-2012-ലെ കത്ത് പ്രകാരം സംസ്ഥാനം കേന്ദ്ര സർക്കാരിനെ അറിയിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ.